**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2495** **07-07-2022 - ൽ മറുപടിയ്ക്ക്**

**ബിസിനസ്സ് / വ്യവസായ സംഗമങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ . ഷംസുദ്ദീൻ</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് ബിസിനസ്സ് / വ്യവസായ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടോ ;എങ്കിൽ ഇതിന്റെയെല്ലാം ചിലവ് സഹിതമുള്ള വിശദവിവരം ലഭ്യമാക്കാമോ;</td><td>(എ)</td><td>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കെ.എസ്.ഐ.ഡി.സി മുഖേന നടത്തിയ ബിസിനസ്സ് / വ്യവസായ സംഗമങ്ങളും അവയ്ക്ക് ചിലവായ തുകകളും താഴെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>സംഗമം</th><th>ചിലവായ തുക (രൂ. ലക്ഷം</th></tr>
<tr><td>1</td><td>International Coconut Conference, Kozhikode</td><td>150.85</td></tr>
<tr><td>2</td><td>Ascend 2019</td><td>157.48</td></tr>
<tr><td>3</td><td>Ascend 2020</td><td>309.33</td></tr>
</table>
സംസ്ഥാന- കേന്ദ്ര സർക്കാരുകളും, നാളികേര വികസന ബോർഡും സംയുക്തമായി 2019 -ൽ കോഴിക്കോട് വച്ച് നടത്തിയ അന്താരാഷ്ട്ര നാളികേര സമ്മേളനത്തിൽ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെയും, ഉൽപാദന-വിതരണക്കാരെയും ഉൾപ്പെടുത്തി (B2B എന്ന രീതിയിൽ) ഒരു സംവാദം സംഘടിപ്പിച്ചിരുന്നു. കൂടാതെ വ്യാവസായിക മേഖലയിൽ സർക്കാർ നടപ്പിലാക്കിയ നൂതനമായ മാറ്റങ്ങളെ കുറിച്ച് നിക്ഷേപസമൂഹത്തെ ബോധവത്കരിക്കുന്നതിനും തദ്വാരാ സംസ്ഥാനത്തെ ഒരു ആത്യന്തിക ബിസിനസ്സ് ഹബ്ബായി ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് Ascend 2019 സംഘടിപ്പിച്ചത്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത സംഗമങ്ങളിൽ എത്ര കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങൾ ലഭിച്ചു; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലായിട്ടുണ്ട് എന്നതിന്റെ മറുപടി നൽകുമോ?</td><td>(ബി)</td><td>2020 ജനുവരി 9-10 വരെ കൊച്ചിയിൽ നടന്ന ‘അസെൻഡ് കേരള 2020’ ആഗോള നിക്ഷേപ സമ്മേളനത്തിൽ സർക്കാരിൻ കീഴിലുള്ള സ്ഥാപനങ്ങളുമായി 165 പദ്ധതികളിലായി ആകെ 35,332.33/- കോടി രൂപയുടെ ധാരണാപത്രങ്ങൾ/ താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചിരുന്നത്. കെ.എസ്.ഐ.ഡി.സിയുമായി ബന്ധപ്പെട്ട് 151 പദ്ധതികളിലായി 33,301.94 കോടി രൂപയുടെയും</td></tr>
</table>

| | | | |
|---|---|---|---|
| | | | **കിൻഫ്ര-യുമായി ബന്ധപ്പെട്ട് 14 പദ്ധതികളിലായി 2030.39കോടി രൂപയുടെയും ധാരണാപത്രങ്ങൾ / താൽപര്യപത്രങ്ങളാണ് ഒപ്പുവച്ചത്.** ഇതുകൂടാതെ അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി (ADIA) രണ്ട് മെഗാ പദ്ധതികളിലും, കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെൻറ് ലിമിറ്റഡ് (KIFML) ആറ് പദ്ധതികളിലും താല്പര്യം അറിയിച്ചിരുന്നു. ഇവയുടെ മൊത്തം മുതൽമുടക്ക് 75,000 കോടി രൂപയാണ്.<br><br>**കെ.എസ്.ഐ.ഡി.സിയുമായി ധാരണാപത്രം / താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 808.58 കോടി രൂപയുടെ 31 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 9,345.40 കോടി രൂപയുടെ 53 പദ്ധതികൾ നടപ്പിലാക്കിവരുന്നു. 5,003.75 കോടി രൂപയുടെ 37 പദ്ധതികൾ വിവിധകാരണങ്ങളാൽ താൽകാലികമായി നിർത്തി വച്ചിരിക്കുന്നു. 18,144.21 കോടി രൂപയുടെ 30 പദ്ധതികൾ വിവിധകാരണങ്ങളാൽ ഉപേക്ഷിച്ചു. കിൻഫ്ര-യുമായി ധാരണാപത്രം / താൽപര്യപത്രം ഒപ്പുവച്ച പദ്ധതികളിൽ 1050 കോടി രൂപയുടെ 6 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ